# അടിസ്ഥാനങ്ങളുമായി ആരംഭിക്കൽ

സഭാ നേതൃത്വത്തെ കുറിച്ചുള്ള ഒരു പഠനം നാം ആരംഭിക്കുന്നതു കൊണ്ട്, നേതൃത്വത്തിൽ "എന്തെല്ലാം" അടങ്ങിയിരിക്കുന്നു എന്നു നാം അറിയണം. നേതൃത്വം എന്നാൽ എന്ത്? ഒരു നായകൻ ആക്കുന്നത് എന്ത്? നേതൃത്വത്തിന്റെ ഉറവിടം എന്ത്?

### നേതൃത്വം എന്നാലെന്ത്?

നേതൃത്വം നിർവ്വചിക്കുക എളുപ്പമല്ല. നേതൃത്വം കാണുമ്പോൾ, അതു നമുക്ക് അറിയാമെന്നു നാം വിചാരിക്കും, അതു ഒരു ചേരപാമ്പിനെ കാണുമ്പോൾ അതിനെ നമുക്ക് അറിയാമെന്നു വിചാരിക്കുന്നതുപോലെയാണ്, എന്നാൽ നേതൃത്വം നിർവ്വചിക്കുന്നതു ചേരപാമ്പിനെ നിർവ്വചിക്കുന്നതിനേക്കാൾ പ്രയാസമാണ്.

യേശു ഒരു നായകൻ ആയിരുന്നു എന്നു നമുക്ക് അറിയാം; അവന്നു തന്നെ അനുഗമിച്ച ശിഷ്യന്മാരുമുണ്ടായിരുന്നു. മോശെ ഒരു നായകൻ ആയിരുന്നു; അവൻ യിസ്രായേലിനെ മിസ്രയിമിൽ നിന്നു മരുഭൂമിയിലൂടെ കനാന്റെ അതിർത്തിവരെ നയിച്ചു കൊണ്ടുവന്നു. നെഹെമ്യാവു ഒരു നായകൻ ആയിരുന്നു; യെരുശലേം മതിൽ പണിയുവാൻ അവൻ യിസ്രായേലിനെ നയിച്ചു. ഈ മനുഷ്യരുടെ സ്വഭാവങ്ങളുടെ ചുരുക്കം (യേശു, തീർച്ചയായും, ഒരു മനുഷ്യനേക്കാൾ വലിയവൻ ആയിരുന്നു) ആയിരുന്നോ നേതൃത്വത്തിന്റെ നിർവ്വചനം?

വലിയ നായകന്മാരെ കുറിച്ചു നാം ചിന്തിക്കുമ്പോൾ, നമ്മുടെ മനസ്സിലേക്കു വരുന്നതു വലിയ രാഷ്ട്രീയ നേതാക്കന്മാരായിരുന്ന ജോർജ് വാഷിങ്ടൺ, അബ്രഹാം ലിങ്കൺ, ഫ്രാങ്ക്ലിൻ റൂസ്‌വെൽറ്റ്, വിൻസ്റ്റൺ ചർച്ചിൽ തുടങ്ങിയവരാണ്. നേതാക്കന്മാർക്ക്, എങ്ങനെയായാലും, നല്ല മാർഗ്ഗത്തിലേക്കോ അല്ലെങ്കിൽ മോശമായ മാർഗ്ഗത്തിലേക്കോ നയിക്കാൻ കഴിയും. അറ്റിലാ ദ ഹൺ ഒരു നായകൻ കൂടി ആയിരുന്നു, അതുപോലെ ഹിറ്റ്ലറും. യേശു ഒരു നായകനായിരുന്നപ്പോൾ; മുഹമ്മദും ഒരു നായകൻ ആയിരുന്നു, അതുപോലെ ചില സംഘടനകളുടെ നായകന്മാരായിരുന്നു ജിം ജോൺസും വെർണൻ ഹോവെലും (ഡേവിഡ് കോരേശ്).

ഒരു "സംഘത്തലവൻ" ആയി ചില കായിക താരങ്ങളെ കണക്കാക്കുന്നുണ്ട്. അയാൾ ആ സംഘത്തിന്റെ ക്യാപ്റ്റനോ നല്ല കളിക്കാരനോ ആകണമെന്നില്ല; എന്നാൽ, എങ്ങനെയോ ആയി, കാരണം അയാൾ കളിക്കുന്നു, ആ സംഘത്തിലെ മറ്റെല്ലാവരും നന്നായി കളിക്കുന്നു – അങ്ങനെ ആ സംഘം വിജയിക്കുന്നു! നേരെ മറിച്ചു, ചിലപ്പോൾ ഒരു സംഘം മുന്നോട്ടു പോകാൻ പ്രയാസപ്പെടുന്നതു കാണുന്നു. കാരണം, നമ്മുടെ അഭിപ്രായത്തിൽ, അതിന് "നായകനില്ല" എന്നതാണ്.

ഒരു നായകൻ എന്തല്ല എന്നു നമുക്കറിയാം. നാട്ടിൻപുറത്തുള്ള ഒരു കടയിലേക്ക് ഓടിക്കിതച്ചു വന്നു, "ഒരു മണിക്കൂർ മുൻപു മുപ്പത് ആളുകൾ ഇതു വഴി പോയോ?" എന്നു കടക്കാരനോടു ചോദിച്ച ഒരാളെ കുറിച്ച് നാം കേട്ടിട്ടുണ്ടാവാം. "ഉവ്വ്," എന്നു കടക്കാരൻ മറുപടി പറഞ്ഞു. "അവർ ഏതു വഴിക്കാണ് പോയത്?" അയാൾ തുടർന്നു പറഞ്ഞു. "ഞാൻ അവരെ തിരഞ്ഞു വന്നതാണ്; ഞാൻ അവരുടെ നായകൻ ആണ്." നമുക്കറിയാം, അയാൾ അവരുടെ നായകൻ അല്ല, എന്നാൽ ഒരു നായകൻ ആരാണ്? എന്താണ് നേതൃത്വം?

**വിവിധ നിർവ്വചനങ്ങൾ**

നേതൃത്വത്തെ വിവിധ രീതികളിൽ നിർവ്വചിക്കുവാൻ കഴിയും. "ഒരു കൂട്ടത്തെ അല്ലെങ്കിൽ പ്രവൃത്തിയെ, കല്പിക്കുന്ന, ഭരിക്കുന്ന അല്ലെങ്കിൽ, തലയായി നയിക്കുന്ന" വ്യക്തി എന്നാണ് ഡിക്ഷ്ണറി നായകനെ നിർവ്വചിക്കുന്നത്. നേതൃത്വ നിർവ്വചനം "സംഘടിതമായ ഒരു കൂട്ടത്തിന്റെ പ്രവൃത്തികളെ സ്വാധീനിക്കൽ നടപടി" മുതൽ മറ്റുള്ളവരെ ലക്ഷ്യ പ്രാപ്തിക്കായി വഴികാട്ടിയായി നിയന്ത്രിച്ചു, ഉത്തേജിപ്പിക്കുകയും, പ്രോത്സാഹിപ്പിക്കയും[1] ചെയ്യുന്നതുവരെ വ്യാപിക്കുന്നു.

മറ്റു നിർവ്വചനങ്ങൾക്കും സാധ്യതയുണ്ട്. അനവധി വിവിധ നിർവ്വചനങ്ങളെ അവലോകനം ചെയ്തശേഷം, കെന്നെത്ത് ഓ. ഗഞ്ചൽ തന്റെ കണ്ടെത്തലുകൾ ചുരുക്കി പറയുന്നു,

> ... നേതൃത്വം ഒരു *കഴിവാണ്*; നേതൃത്വത്തിൽ *മറ്റുള്ളവരുമായി ചേർന്നു പ്രവർത്തിക്കുന്നത്* ഉൾപ്പെടുന്നു; *ഏതെങ്കിലും ഒരു ലക്ഷ്യത്തിലേക്കു പുരോഗമിപ്പിക്കുന്നതും* നേതൃത്വത്തിൽ ഉൾപ്പെടുന്നു. ആ മൂന്നു കാര്യങ്ങളും ഈ പുസ്തകത്തിന്റെ ലക്ഷ്യത്തിന് സ്വീകാര്യമായ നിർവ്വചനത്തിൽ അടങ്ങിയിട്ടുണ്ടെങ്കിൽ, അതു ഏതാണ്ട് ഇതു പോലെ ആകാം: *പരസ്പരം സ്വീകാര്യമായ ലക്ഷ്യങ്ങൾക്ക് വേണ്ടി ഒരാളുടെ കൂട്ടായ പെരുമാറ്റത്തിൽ മാറ്റം വരുത്തി പ്രത്യേക സമയത്ത് അയാളുടെ ചില യോഗ്യതകളും സ്വഭാവവും കഴിവും ഉപയോഗിക്കുന്നതാണ് നേതൃത്വം.*[2]

മിക്കവാറും, നേതൃത്വ നിർവ്വചനം ചില തരത്തിലുള്ള നേതൃത്വത്തെ മുൻ നിർണ്ണയിക്കാറുണ്ട്. മറിച്ച്, എല്ലാ തരത്തിലുമുള്ള നേതൃത്വത്തെ ഉൾപ്പെടുത്തി ആ പദം നിർവ്വചിക്കുവാനാണ് നാം ആഗ്രഹിക്കുന്നത്.

**നമ്മുടെ നിർവ്വചനം**

പിന്നെ, ഇതാ, നേതൃത്വത്തിന്റെ നമ്മുടെ നിർവ്വചനം: *മുൻ നിശ്ച യിച്ച ലക്ഷ്യത്തിനോ അല്ലെങ്കിൽ വസ്തുവിനോ വേണ്ടി, വ്യക്തികളോ അല്ലെങ്കിൽ ഒരു കൂട്ടമോ, ബോധപൂർവ്വം നടത്തുന്ന മനപ്പൂർവ്വമായ വഴി കാട്ടൽ ആണ്.* അത്തരം നേതൃത്വമാണ്, നാം ഈ പാഠങ്ങളിൽ, പരി ശോധിക്കുന്നത്.

ഈ നിർവ്വചനത്തിന്റെ ഓരോ ഭാഗവും പ്രാധാന്യമുള്ളതാണ്. ആദ്യം, നേതൃത്വത്തെ, നാം നിർവ്വചിക്കുമ്പോൾ, അതു “മനപ്പൂർവ്വവും ബോധ പൂർവ്വവുമാണ്.” അതിനർത്ഥം അതു “യാദൃശ്ചികം” അല്ലെങ്കിൽ “ബോധ മില്ലാത്ത” എന്നല്ല. നന്മക്കോ തിന്മക്കോ വേണ്ടി “മറ്റുള്ളവരെ സ്വാധീനി ക്കൽ” ആയി, ചിലപ്പോൾ നേതൃത്വത്തെ നിർവ്വചിക്കുന്നുണ്ട്. അങ്ങനെ സംഭവിക്കും എന്നതിനു സംശയമില്ല. നമ്മുടെ വാക്കുകൾ, മനോഭാവം, പെരുമാറ്റം, ജീവിതം എന്നിവയാൽ നാം മറ്റുള്ളവരെ സ്വാധീനിക്കും. അതു, എങ്ങനെയായാലും, നാം ഈ പാഠങ്ങളിൽ പറയുന്ന “നേതൃത്വ ത്തിന്റെ” അർത്ഥത്തെ എടുത്തു മാറ്റുന്നില്ല.

രണ്ടാമതു, നേതൃത്വം എന്നതു “വ്യക്തികളെയോ, അല്ലെങ്കിൽ ഒരു സംഘത്തെയോ വഴി കാട്ടുന്നതാണ്.” ഒരു നായകനു ഒറ്റപ്പെട്ടിരിക്കുവാൻ കഴിയുകയില്ല. നിർവ്വചനത്താൽ, മറ്റുള്ളവരെ ഏതെങ്കിലും ദിശയിലേക്കു നായകൻ നയിക്കുന്നതു നേതൃത്വത്തിൽ ഉൾപ്പെടുന്നു. ഒരു നായകനു അനുയായികൾ ഉണ്ടായിരിക്കണം.

മൂന്നാമതു, നേതൃത്വം എന്നതു “മുൻ നിശ്ചയിച്ച ഏതെങ്കിലും വസ്തു വിനുവേണ്ടിയോ ലക്ഷ്യത്തിനു വേണ്ടിയോ” ഒരു സംഘത്തെ വഴികാ ട്ടുന്നതാണ്. ഇതാ നേതൃത്വത്തെ സംബന്ധിച്ചു: മറ്റുള്ളവരെ വലിയ ഉദ്ദേ ശത്തിനോ, അല്ലെങ്കിൽ ലക്ഷ്യത്തിനോ, വേണ്ടി പ്രവർത്തിപ്പിക്കുന്നതാ ണ്. ആ ലക്ഷ്യം നായകന്റെ ഉള്ളിൽ ഉണ്ടാകും, അതേ സമയം താൻ വഴികാട്ടുന്ന ആളുകളുടെ മനസ്സിൽ ഉണ്ടാകണമെന്നില്ല (പ്രത്യേകിച്ചു തുടക്കത്തിൽ).

ഈ നിർവ്വചനത്തിൽ എല്ലാ തരത്തിലുമുള്ള നേതൃത്വവും അടങ്ങി യിരിക്കുന്നതാണ്. ഒരു മേലധികാരി തന്റെ കീഴുദ്യോഗസ്ഥരെ സ്വയം പണമുണ്ടാക്കുന്നതിനാണെങ്കിലും, ഒരു ലക്ഷ്യം പൂർത്തീകരിക്കാൻ പ്രവർത്തിപ്പിക്കയാണ്. അയാൾ അവർക്കു ജോലി ചെയ്യുന്നതിനു ശമ്പളം കൊടുക്കയും ജോലിയിൽ വീഴ്ച്ച വരുത്തിയാൽ അവരെ ശകാരിക്കയും ചെയ്യും. ആ ഒരു കാര്യവും നേതൃത്വ നിർവ്വചനത്തിൽ ഉൾപ്പെടുന്നു. ബാങ്ക് കൊള്ളക്കാരുടെ സംഘത്തലവൻ സംഘത്തിലുള്ളവരെ തോക്കിന്റെ കാഞ്ചി ചൂണ്ടി നിർത്തി തനിക്കു പണം അപഹരിക്കുവാൻ ആവശ്യപ്പെടും. അതും, കൂടെ, ഒരു തരം നേതൃത്വമാണ്.

ബാങ്ക് കൊള്ളക്കാരനും മേലധികാരിയുമായി സാമ്യം ചില കാര്യ ങ്ങളിൽ സഭയിലെ, അദ്ധ്യക്ഷന്മാർക്കും ഉണ്ട്. അവരും, കൂടെ, ആളു കളെ, ചിലതിലേക്ക് വഴികാട്ടി, നയിക്കുകയാണ് ചെയ്യുന്നത്. സഭാദ്ധ്യ ക്ഷന്മാരും മറ്റുള്ളവരും തമ്മിലുള്ള വ്യത്യാസം കിടക്കുന്നത് “നേതൃ ത്വം,” എന്നതിന്റെ അർത്ഥത്തിലല്ല, മറിച്ചു *നേടുന്ന ലക്ഷ്യങ്ങളിലും നയിക്കുവാൻ ഉപയോഗിക്കുന്ന രീതികളിലുമാണ്.*

## നേതൃത്വത്തിന്റെ ഉറവിടം എന്താണ്?

ഒരാൾ എങ്ങനെയാണ് അദ്ധ്യക്ഷൻ ആകുന്നത്? ആ ചോദ്യത്തിന് നാം ഉത്തരം കണ്ടെത്തുന്നതിനു മുൻപു, അതുമായി ബന്ധപ്പെട്ട രണ്ടു ചോദ്യങ്ങൾ നാം ചോദിക്കണം.

### രണ്ടു ചോദ്യങ്ങൾ

*എല്ലാവരും അദ്ധ്യക്ഷന്മാരോ?* ചിലർ പറയുന്നതു ഓരോരുത്തരും നേതാവാണ് എന്നാണ്. അതു ചുരുങ്ങിയ അർത്ഥത്തിൽ, ശരിയാണെന്ന കാര്യം (അത് ഒരാൾ എങ്ങനെ നേതൃത്വത്തെ നിർവ്വചിക്കുന്നു എന്നതനുസരിച്ച്), സംശയരഹിതമാണ്. ചില ദിശകളിലേക്കു എല്ലാവരും മറ്റുള്ളവരെ സ്വാധീനം ചെയ്തു നയിച്ചുകൊണ്ടിരിക്കും. പലപ്പോഴും ഇത്തരം നേതൃത്വം അബോധമായിട്ടായിരിക്കും; നയിക്കുകയോ നയിക്കപ്പെടുകയോ ചെയ്യുന്നതെന്നു ആളുകൾ അറിയുന്നില്ല. ക്രിസ്ത്യാനികൾ, തീർച്ചയായും, അവരുടെ സ്വാധീനത്തെ കുറിച്ച് ബോധമുള്ളവരും, മറ്റുള്ളവരെ സ്വർഗ്ഗത്തിലേക്കു നയിക്കുന്നതിന് ആ സ്വാധീനത്തെ മനപ്പൂർവ്വമായി ഉപയോഗിക്കുവാൻ കഴിയുന്നവരും ആകണം.

എല്ലാ സാഹചര്യത്തിലും എല്ലാവരും അദ്ധ്യക്ഷന്മാരല്ല. അങ്ങനെയാണെങ്കിൽ, “അദ്ധ്യക്ഷൻ” എന്ന വാക്കിനും “നേതൃത്വം” എന്ന വാക്കിനും അർത്ഥമേ ഉണ്ടാകുകയില്ല.

*അദ്ധ്യക്ഷന്മാരായി ജനിക്കുകയാണോ അല്ലെങ്കിൽ അദ്ധ്യക്ഷന്മാരാക്കപ്പെടുകയാണോ?* ഒരർത്ഥത്തിൽ, അദ്ധ്യക്ഷന്മാർ “ജനിക്കുകയാണ്” - ചുരുങ്ങിയതു അങ്ങനെ അവരുടെ ജനനവും പ്രാരംഭ അനുഭവങ്ങളും പ്രത്യേകിച്ചു അവരെ നേതൃത്വത്തിനു യോഗ്യരാക്കുന്നു. “കരിസ്മാറ്റിക്” നായകന്മാർ എന്നു വിളിക്കുന്ന ആളുകളെ നാമെല്ലാം കണ്ടിട്ടുണ്ട്; ആളുകൾ സ്വയമായി അവരെ അനുഗമിക്കുന്നുണ്ട്. അധികം ശ്രമം കൂടാതെ അവർക്കു ചുറ്റും ആരാധകരോ പിൻതുടരുന്നവരോ ആയ കൂട്ടങ്ങളെ കാണാം. അവരെ ഔദ്യോഗികമായി തിരഞ്ഞെടുക്കുകയോ അല്ലെങ്കിൽ അവർ കമ്പനികളുടെ തലവന്മാരായി ഉയരുകയോ ചെയ്താൽ, മറ്റുള്ളവർ തങ്ങളെ ദിശ കാണിക്കുവാനും വഴി കാട്ടുവാനും അവരെ ആശ്രയിക്കുന്നതായി കാണുന്നു. പുറമെ, ചില നേട്ടങ്ങൾ പൂർത്തീകരിക്കുന്നതിന് ഫലപ്രദമായ വഴിയിൽ ആളുകളെയും അതിനുവേണ്ടതും സംഘടിപ്പിക്കുകയും മറ്റുള്ളവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നവരായ ചിലർ നായകന്മാർ ആകുവാനുള്ള കഴിവോടെയാണ് ജനിക്കുന്നത്.

“അദ്ധ്യക്ഷനായി ജനിച്ച” ആൾക്ക് നല്ലൊരു ഉദാഹരണം പുതിയ നിയമത്തിലെ ശൗൽ ആണ്, അയാൾ പിന്നീട് അപ്പൊസ്തലനായ പൗലൊസ് ആയി. യെഹൂദമതത്തിലെ നായകൻ (ഫിലിപ്പിയർ 3:4-7), അവൻ പരിവർത്തനം ചെയ്തപ്പോൾ, ദൈവകൃപയാൽ, ക്രിസ്തീയ മതത്തിൽ ഒരദ്ധ്യക്ഷനായി തീർന്നു. അത് ഏതാണ്ട് ഏതു സംഘത്തിലോ സംഘടനയിലോ ആയാലും പൗലൊസ് ഒരു നായകൻ ആകുമായിരുന്നു എന്നു വ്യക്തമാക്കുന്നു.

നേരെമറിച്ചു, ചിലപ്പോൾ അദ്ധ്യക്ഷനായി ജനിക്കപ്പെടാത്തവരോ ആ ജോലിക്കു യോജിക്കാത്തവരോ ചില സാഹചര്യങ്ങളുടെ സമ്മർദ്ദത്താൽ ആ സ്ഥാനത്തേക്കു വന്നതായി കാണാം. ജന്മനാ നായകനാകാത്തവരോ നേതൃത്വപരിശീലനം ലഭിക്കാത്തവരോ, ഇടവകയിൽ അദ്ധ്യക്ഷസ്ഥാനത്തേക്കു വരുന്നതു ഞാൻ കണ്ടിട്ടുണ്ട്, എന്നാൽ അവർ എങ്ങനെയോ നയിക്കുവാൻ നിർബ്ബന്ധിതരാകുകയാണ്. (ഒരു പക്ഷെ നാം അത്തരം അദ്ധ്യക്ഷന്മാരെ വിമർശിക്കയാവാം.)

ചിലർ മറ്റുള്ളവരേക്കാൾ പ്രാഗത്ഭ്യം ഉള്ളവരാണെങ്കിലും അവർ അദ്ധ്യക്ഷന്മാരാകുമ്പോൾ, നന്നായി നയിക്കുവാൻ ആർക്കു വേണമെങ്കിലും പഠിക്കാം. ഈ അർത്ഥത്തിൽ, അദ്ധ്യക്ഷന്മാരായി "തീർന്നവരാണ്" എന്നു പറയാം.

**നേതൃത്വം ദൈവത്തിൽ നിന്നു ലഭിച്ച ദാനമാണ്**

നേതൃത്വത്തിന്റെ ശരിയായ ഉറവിടം ദൈവം ആണ്! നേതൃത്വം ദൈവത്തിൽ നിന്നുള്ള ദാനമാണ് എന്നു പുതിയ നിയമം പഠിപ്പിക്കുന്നതുകൊണ്ട് നമുക്ക് അതിൽ അതിശയിക്കുവാനില്ല. ബൈബിൾ കാലയളവിൽ, ദൈവം തന്റെ ജനത്തിനായി അദ്ധ്യക്ഷന്മാരെ തിരഞ്ഞെടുത്ത് വിളിച്ചു നിയോഗിച്ചിരുന്നു. അവർ ആ അദ്ധ്യക്ഷന്മാർക്ക് ശക്തി പകർന്നിരുന്നു. അവൻ ചില പ്രത്യാശയില്ലാത്ത കാര്യങ്ങൾ ഉപയോഗിച്ചു. മോശെ നേതൃത്വത്തിനു തന്റെ കൈ ഉപയോഗിക്കയും പരാജയപ്പെടുകയും ചെയ്തിരുന്നു; ബോധ്യപ്പെടുത്തുവാൻ-പ്രയാസമുള്ള-ന്യായാധിപൻ ആയിരുന്നു ഗിദെയോൻ. എട്ടു മക്കൾ മതിപ്പുള്ള കുടുംബത്തിലെ മറ്റ് അംഗങ്ങളേക്കാൾ ഏറ്റവും ചെറിയവൻ ആയിരുന്നു ദാവീദ്, എല്ലാവരും അവനെക്കാൾ കൂടുതൽ സൗന്ദര്യം ഉള്ളവരായിരുന്നു; വിശ്വസിക്കുവാൻ പ്രയാസമായ, നിന്ദിക്കപ്പെട്ട ഗലീലക്കാരാണ് പൊതുവിൽ അപ്പൊസ്തലന്മാരായി തിരഞ്ഞെടുക്കപ്പെട്ടവർ. ദൈവം അവരെ നയിക്കുവാൻ പ്രാപ്തരാക്കിയതുകൊണ്ട്, യൂദ ഒഴിച്ച് മറ്റെല്ലാവരും വലിയ അദ്ധ്യക്ഷന്മാരായി തീർന്നു. അത്ഭുതകരമായിട്ടല്ലെങ്കിലും, സഭയിൽ ഇന്നും ദൈവം അദ്ധ്യക്ഷന്മാരെ ഉളവാക്കുന്നുണ്ട്.

പുതിയ നിയമ കാലയളവിൽ നേതൃത്വം ദൈവ ദാനമാണെന്നു മൂന്നു വേദ ഭാഗങ്ങൾ പറയുന്നുണ്ട്. ആദ്യത്തേത്, നാം വായിക്കുന്നു, "അവൻ ചിലരെ അപ്പൊസ്തലന്മാരായും, ചിലരെ പ്രവാചകന്മാരായും, ചിലരെ *സുവിശേഷകന്മാരായും,* ചിലരെ *ഇടയന്മാരായും, ഉപദേഷ്ടാക്കന്മാരായും* നിയമിച്ചിരിക്കുന്നു, അതു ശുശ്രൂഷയുടെ വേലക്കും ക്രിസ്തുവിന്റെ ശരീരത്തിന്റെ ആത്മിക വർദ്ധനെക്കും ആകുന്നു ..." (എഫെസ്യർ 4:11, 12; ആർഎസ്‌വി; എംഫസിസ് മൈൻ). രണ്ടാമതു, നാം റോമർ 12:6–8 ൽ വായിക്കുന്നത്, "ആകയാൽ നമുക്കു ലഭിച്ച കൃപക്കു ഒത്തവണ്ണം വെവ്വേറെ വരം ഉള്ളതുകൊണ്ട്: പ്രവചനം എങ്കിൽ വിശ്വാസത്തിനു ഒത്തവണ്ണം; ശുശ്രൂഷ, എങ്കിൽ ശുശ്രൂഷയിൽ; ഉപദേശിക്കുന്നവൻ, എങ്കിൽ ഉപദേശത്തിൽ; പ്രബോധിപ്പിക്കുന്നവൻ, എങ്കിൽ പ്രബോധനത്തിൽ; ദാനം ചെയ്യുന്നവൻ, ഏകാഗ്രതയോടെ; *ഭരിക്കുന്നവൻ, ഉത്സാഹത്തോടെ;* ..." (എൻആർഎസ്‌വി). (എംഫസിസ് മൈൻ.) കെജെവി

യിൽ “ഭരിക്കുന്നവൻ, ഏകാഗ്രതയോടെ” എന്നാണ്. *പുതിയനിയമത്തിലെ 26 തർജ്ജിമകളിൽ നിന്നും*[3] ഇവയാണ്: “ഭരിക്കുന്നവൻ ...” (കോൺ); “ ... അധികാരത്തിലുള്ളവൻ ...” (റ്റിസിഎൻറ്റി); “... നയിക്കുന്നവൻ ...” (വെയ്); “... നിങ്ങൾ ഒരദ്ധ്യക്ഷൻ ആണെങ്കിൽ ...” (എൻഈബി). എൻഐവിയിൽ “... നേതൃത്വം ആണെങ്കിൽ ...” മൂന്നാമത്, പൗലൊസ് 1 കൊരിന്ത്യർ 12:28–ൽ എഴുതി, “ദൈവം സഭയിൽ ഒന്നാമതു അപ്പൊസ്തലന്മാരെയും, രണ്ടാമതു പ്രവാചകന്മാരെയും, മൂന്നാമതു ഉപദേഷ്ടാക്കന്മാരെയും, പിന്നെ അത്ഭുതപ്രവൃത്തിക്കാരെയും, പിന്നെ രോഗശാന്തിക്കാരെയും, സഹായിക്കുന്നവരെയും, *ഭരിക്കുന്നവരേയും,* നിയമിച്ചു ...” (ആർഎസ്‌വി). (എംഫസിസ് മൈൻ.) *പുതിയനിയമത്തിലെ 26 തർജ്ജിമകളിൽ നിന്നും*, “ഭരണകർത്താക്കൾ,” എന്നതിനു പകരം മറ്റു വെർഷനുകളിൽ ഉപയോഗിച്ചിരിക്കുന്നത് “ഗവൺമെന്റുകൾ” എന്നാണ് (കെജെവി), “സംഘടിപ്പിക്കുന്നവർ” എന്നു (ഫിയിലും), “അവരെ വഴി കാട്ടുവാനുള്ള ശക്തി” എന്ന് (എൻഈബിയിലും), “ബുദ്ധിയുള്ള വഴികാട്ടികൾ” എന്ന് (ബാസിലും), “മറ്റുള്ളവരെ യോജിപ്പിച്ചു ജോലി ചെയ്യിക്കുന്നവൻ” എന്നു (ടായിലിലും), അല്ലെങ്കിൽ “മാനേജേഴ്സ്” എന്ന് (ബെക്കിലും) കാണാം. എൻഐവിയിൽ “ഭരണവരങ്ങൾ,” എന്നും, എൻആർഎസ്‌വി പറയുന്നതു, “നേതൃത്വ രീതികൾ” എന്നുമാണ്.

*ഇന്നു നേതൃത്വം ഒരു ദാനമാണെന്നു എങ്ങനെ ചിന്തിക്കുവാൻ കഴിയും?* ഒരുപക്ഷെ, മറ്റുള്ളവരേക്കാൾ അധികമായി അദ്ധ്യക്ഷന്മാർ, “സ്വയം - അടക്കപ്പെട്ട മനുഷ്യർ” എന്നു സ്വയം ചിന്തിച്ചേക്കാം. അവർ പറഞ്ഞേക്കാം, “ഞാൻ അദ്ധ്വാനിച്ചിരിക്കുന്നു. ഞാൻ സ്കൂളിലും, കോളേജിലും പഠിച്ചു. വളരെക്കാലം ഒരുപാടു നല്ല കാര്യങ്ങൾ ചെയ്തു ഞാൻ ജീവിച്ചു. ഞാൻ ബഹുമാനിക്കപ്പെടാൻ യോഗ്യൻ, എന്നെ അനുഗമിക്കുവാനും യോഗ്യൻ. മറ്റുള്ളവരെ നയിക്കുന്ന എന്റെ നേതൃത്വം ദൈവദാനമാണെന്നു എങ്ങനെ ഒരാൾക്കു പറയുവാൻ കഴിയും?” നേതൃത്വം വാസ്തവത്തിൽ ഒരു ദാനമാണ്, അല്ലെങ്കിൽ ദൈവം - നല്കിയ താലന്താണ് എന്നു പല പരിഗണനകൾ നമ്മെ മനസ്സിലാക്കുവാൻ സഹായിക്കും.

ഒരു വശത്ത്, അദ്ധ്യക്ഷന്മാർ ആയി തീരുന്നതിനേക്കാൾ കൂടുതൽ അങ്ങനെ ജനിക്കപ്പെടുകയാണെങ്കിൽ (അല്ലെങ്കിൽ ആയി തീരുന്നതിനേക്കാൾ അധികം ജന്മനാ കഴിവുള്ളവരാണെങ്കിൽ), അപ്പോൾ എല്ലാ തികഞ്ഞവരവും നല്ല ദാനവും ഉയരത്തിൽ നിന്നാണ് വരുന്നത് എന്നു അദ്ധ്യക്ഷന്മാർ ഓർമ്മിക്കണം (യാക്കൊബ് 1:17). അവർ തങ്ങളുടെ മാതാപിതാക്കളെ തിരഞ്ഞെടുത്തതല്ല, അല്ലെങ്കിൽ അവരുടെ നൈസർഗ്ഗികമായ താലന്തുകൾക്കും അവർ ഉത്തരവാദിയല്ല. ആരെങ്കിലും ഉയരമുള്ളവനും, ശക്തിയുള്ളവനും കാണുവാൻ - കൊള്ളാവുന്നവനും, ബുദ്ധിമാനും, “സ്വാഭാവികമായി ജന്മനാ അദ്ധ്യക്ഷനാവുകയും,” ആണെങ്കിൽ, അയാൾക്കു പ്രശംസിപ്പാൻ ഒന്നുമില്ല. മാനുഷിക കാഴ്ച്ചപ്പാടിൽ അയാൾക്ക് ശരിയായ മാതാപിതാക്കളെ ലഭിച്ചു. ദൈവത്തിന്റെ കാഴ്ച്ചപ്പാടിൽ, അയാൾ അത്തരം വരങ്ങളോടുകൂടി ജനിക്കുവാൻ ദൈവം

അയാളെ അനുവദിച്ചു എന്നു അയാൾ തിരിച്ചറിയണം; ദൈവത്തിനു മഹത്വം ഉണ്ടാകട്ടെ! പൗലൊസ്, ഉറപ്പായും ഒരു നൈസർഗ്ഗിക നായകൻ ആയിരുന്നു, അവന്റെ താലന്തുകൾ ദൈവത്തിൽ നിന്നാണ് ലഭിച്ചതെന്നു അവൻ അറിഞ്ഞിരുന്നു. അവൻ പറഞ്ഞു, "എങ്കിലും ഞാനാകുന്നതു ദൈവ കൃപയാൽ ആകുന്നു" (1 കൊരിന്ത്യർ 15:10).

നേരെ മറിച്ചു, അദ്ധ്യക്ഷന്മാർ ജന്മനാ അല്ലാതെ ആയിതീരുന്നവരാണെങ്കിൽ, അപ്പോഴും ജീവിതത്തിലെ എല്ലാ നന്മയും ദൈവത്തിൽ നിന്നാണെന്നു നാം ഓർമ്മിക്കണം. *സാഹചര്യങ്ങൾ ചിലരെ അദ്ധ്യക്ഷരാകുവാൻ നിർബ്ബന്ധിക്കുകയും പിന്നീട് അവർ കഴിവുള്ള അദ്ധ്യക്ഷരായി വിജയിക്കുകയും അവസാനം ദൈവത്തിലേക്കു തിരിയുകയും ചെയ്യും.* "ഞാൻ നന്നായി പഠിക്കുകയും നന്നായി അദ്ധ്വാനിക്കയും ചെയ്തു," എന്നു ഒരാൾ പറഞ്ഞേക്കാം – എന്നാൽ പഠിക്കുവാനും അദ്ധ്വാനിക്കുവാനും ഉള്ള വാഞ്ഛ എവിടെ നിന്നു കിട്ടി? മാതാപിതാക്കളിൽ നിന്നോ മുത്തച്ഛന്മാരിൽ നിന്നോ? സ്നേഹിതന്മാരിൽ നിന്നോ അല്ലെങ്കിൽ അയൽക്കാരിൽ നിന്നാണോ? അദ്ധ്യാപകരിൽ നിന്നാണോ? "സ്വയമായിട്ട്" വിജയിക്കുന്ന ഓരോരുത്തർക്കും ഒരുപക്ഷെ അവരെ മുഖ്യമായി പ്രോത്സാഹിപ്പിച്ചു ഏറ്റവും നല്ലതു ചെയ്യിച്ച ഒരാളെ ഓർമ്മിക്കാൻ സാധിക്കും. ആ ഒരാളെ അയാൾക്ക് എവിടെ നിന്നു കിട്ടി? ദൈവത്തിൽ നിന്ന്! ദൈവം തന്റെ കരുണാധിക്യപ്രകാരം വിജയിക്കുവാനുള്ള അവസരം തരുന്നില്ലെങ്കിൽ, ആരും വെറുതെ വിജയിക്കുകയില്ല!

ഉദാഹരണമായി, ഒരു മൂപ്പനായി തീരുന്നതിന്റെ യോഗ്യതകളെ കുറിച്ചു, ചിന്തിക്കുക. ഒരു മൂപ്പൻ ആദ്യം ഒരു ക്രിസ്ത്യാനി ആകണം. അയാൾ ഒരു ക്രിസ്ത്യാനി ആയി തീരുവാൻ അവസരം കൊടുത്ത ദൈവത്തോടു കടപ്പാടില്ലേ അയാൾക്ക്? അയാൾക്ക് ദൈവം രക്ഷയും സുവിശേഷവും നല്കിയതിനു മാത്രമല്ല നന്ദി പറയേണ്ടത്, തനിക്ക് ആദ്യമായി രക്ഷയുടെ സുവാർത്ത എത്തിക്കുവാൻ സുവിശേഷകനെ അല്ലെങ്കിൽ പ്രാസംഗികനെ തന്നതിനും അയാൾ ദൈവത്തോടു നന്ദിയുള്ളവനാകണം.

ഒരു വ്യക്തിയുടെ വ്യക്തിപരമായ സ്വഭാവങ്ങൾ എങ്ങനെ ഒരു മൂപ്പൻ എന്നതിലേക്ക് വളർന്നു വരുന്നു എന്നു പരിഗണിക്കുക: ദൈവത്താൽ അയാൾ അനുഗ്രഹിക്കപ്പെട്ടതുകൊണ്ടാണ് ആ സ്വഭാവങ്ങൾ അയാളിൽ വന്നു ചേർന്നത്. ബൈബിൾ വായിച്ചതുകൊണ്ടാണ് അതു വളർത്തിയെടുത്തതു എന്നു അയാൾ വിചാരിച്ചേക്കാം, എന്നാൽ ആരാണ് അയാൾക്ക് ബൈബിൾ വായിക്കുവാൻ ലഭ്യമാക്കിയത്? അയാളെ വായിക്കുവാൻ ആർ പ്രാപ്തനാക്കി? പ്രസംഗിച്ച വചനം കേൾക്കുവാൻ ആർ ഇടയാക്കി? ഒരു പക്ഷെ അയാൾ ദൈവഭക്തനായതു മാതാപിതാക്കൾ ഭക്തരായതുകൊണ്ടാകാം; പക്ഷെ ആരാണ് അയാൾക്ക് ആ മാതാപിതാക്കളെ നല്കിയത്? ഒരുപക്ഷെ അയാൾക്ക് ആത്മിക വർദ്ധനവു ഉണ്ടായത് മറ്റു ക്രിസ്ത്യാനികളുമായി ബന്ധപ്പെട്ടതുകൊണ്ടും, വിശ്വസ്തരായ ഉപദേഷ്ടാക്കന്മാർ ബൈബിൾ പഠിപ്പിച്ചതു കൊണ്ടും, ദയവോടെ ക്രിസ്തീയ അദ്ധ്യക്ഷന്മാരാൽ നയിക്കപ്പെട്ടതുകൊണ്ടും ആകാം. അങ്ങനെയാണെങ്കിൽ, ആ അനുഗ്രഹങ്ങൾ ലഭിക്കുവാൻ അയാൾക്കു

യാതൊരു യോഗ്യതയുമില്ല. അവയെല്ലാം ദൈവത്താൽ നല്കപ്പെട്ടതാണ്! സഭയെ നയിക്കുവാൻ പറ്റിയ പുരുഷന്മാരെ വളർത്തേണ്ടതിനാണ് ദൈവം അവ ഉപയോഗിച്ചിരിക്കുന്നത്.

ശരിയായ തരത്തിലുള്ള കുടുംബമില്ലാതെ ഒരു മനുഷ്യനും സ്വീകാര്യമായി മൂപ്പൻ എന്ന നിലയിലുള്ള സേവനം നടത്തുവാൻ സാധ്യമല്ല. ശരിയായ ഭാര്യക്കേ അതിഥി സൽക്കാരം നടത്തുവാൻ കഴിയൂ, വീട്ടു കാര്യങ്ങൾ നന്നായി നടത്തുവാനും, മക്കളെ "നിയന്ത്രണത്തിലും പൂർണ്ണ ഗൗരവത്തോടെയും," വളർത്തുവാനും, സഭയ്ക്കു പുറത്തു നല്ല സാക്ഷ്യം കൈവരിക്കുവാനും എങ്കിലേ സാധിക്കൂ (1 തിമൊഥെയൊസ് 3:2-7). ഒരു നല്ല ഭാര്യ ദൈവത്തിൽ നിന്നുള്ള ദാനമാണ് (സദൃശവാക്യങ്ങൾ 19:14; 18:22). അതിൽ കൂടുതലായി, ഒരാൾക്ക് നല്ല ഭാര്യ ഉണ്ടാവുകയും എന്നാൽ മക്കൾ ഇല്ലാതിരിക്കയും ചെയ്താൽ, അതു കൊണ്ട്, മൂപ്പനായി സേവ ചെയ്‌വാൻ അയാൾക്കു സാധ്യമല്ല (തിത്തൊസ് 1:6). മക്കൾ ദൈവത്തിന്റെ ദാനമാണ് (സങ്കീർത്തനങ്ങൾ 127:3). അതിനുപുറമെ, അയാളുടെ മക്കൾ വളർന്നു വിശ്വസ്തരായ ക്രിസ്ത്യാനികൾ ആയിട്ടുണ്ടെങ്കിൽ, അയാൾ ദൈവത്തിനു നന്ദി പറയണം; അയാളും അയാളുടെ ഭാര്യയും ചേർന്നു അവരെ നന്നായി വളർത്തിയിരിക്കാം, എങ്കിലും അവർ വീണു പോയേക്കാം. മക്കൾ വിശ്വസ്തരാണെങ്കിൽ (മാതാപിതാക്കളുടെ തെറ്റുകൾക്കു പുറമെ), അവർ വിശ്വസ്തരായതും, കൂടെ, ദൈവത്തിൽ നിന്നു ലഭിച്ചതാണ്.

*നേതൃത്വം ദൈവത്തിൽ നിന്നുള്ള ദാനമാണെന്ന തിരിച്ചറിവു സഭയിലെ ഒരദ്ധ്യക്ഷനെ എങ്ങനെ സ്വാധീനിക്കും?* ഒന്നാമത്, അതു അയാളെ താഴ്മയിലായിരിക്കുവാൻ സഹായിക്കും. തന്റെ സ്വന്ത യോഗ്യത കൊണ്ടു നേടിയതല്ല ആ നേതൃത്വം; അവനിലുള്ള നന്മക്കെല്ലാം അയാൾ ദൈവത്തോടു കടപ്പെട്ടിരിക്കുന്നു.

രണ്ടാമതു, തന്റെ പങ്കു ശരിയായ കാഴ്ച്ചപ്പാടിൽ നിർവ്വഹിപ്പാൻ അതു അയാളെ സഹായിക്കും. ഇടവകയിലെ മറ്റുള്ളവരുമായി അവന്റെ ബന്ധം എന്താണ്? അയാൾക്ക് ഒരു താലന്തുണ്ട് - നേതൃത്വ താലന്താണ്. അവർക്കും, നിരവധി, താലന്തുകൾ ഉണ്ട്, ഉദാഹരണമായി പണം സമ്പാദിക്കുവാനും, പ്രോത്സാഹിപ്പിക്കുവാനും, യുവാക്കളെ ഉണർത്തുവാൻ, അങ്ങനെ പലതും. ആ താലന്തുകളെല്ലാം സഭയുടെ നന്മക്കായി ഉപയോഗിക്കണം. അയാളുടേത് കൂടുതൽ പ്രാധാന്യം ഉള്ളതാണോ? അത് കൂടുതൽ പരസ്യമായതും, ശ്രദ്ധിക്കപ്പെടുന്നതും ആകാം, പക്ഷെ അത് കൂടുതൽ പ്രാധാന്യം ഉള്ളതല്ല. അതു അവനെ മറ്റുള്ളവരേക്കാൾ ശ്രേഷ്ഠൻ ആക്കുന്നില്ല. സഭാദ്ധ്യക്ഷന്മാർ ത്രികോണത്തിന്റെ ഉന്നത സ്ഥാനത്തുള്ളവരാണെന്നും, ആ സ്ഥാനം മറ്റെല്ലാ അംഗങ്ങളെക്കാളും ഉയർന്നതലത്തിലാണെന്നുമുള്ള നാമധേയ വിഭാഗത്തിന്റെ തിരുമേനി അൻമേനി കാഴ്ച്ചപ്പാട് നാം മാറ്റണം.

മൂന്നാമത്, അത് അദ്ധ്യക്ഷനോടു സ്വയം, "നേതൃത്വ താലന്തു എനിക്കു ദൈവമാണ് തന്നതെങ്കിൽ, അതു എനിക്കു തന്നത് അവന്റെ മഹത്വത്തിനായി ഉപയോഗിക്കുവാനും, കഴിവതും, സഭയ്ക്കുവേണ്ടി, ഉപയോഗിക്കുവാനുമല്ലേ?" എന്നു ചോദിക്കുവാൻ ഇടയാക്കും. ദൈവം

ക്രിസ്ത്യാനികൾക്കു നല്കിയിട്ടുള്ള താലന്തുകൾ അവന്റെ മഹത്വത്തിനും സഭയുടെ പ്രയോജനത്തിനുമായി ഉപയോഗിക്കണം.

ഇതു പരിഗണിക്കുക: ദൈവം ഒരാൾക്കു മൂപ്പൻ ആകുവാനുള്ള താലന്തു കൊടുത്തിട്ടുണ്ടെങ്കിൽ, മൂപ്പനാകുവാനുള്ള അവസരം അയാൾ നിഷേധിക്കുന്നത് തെറ്റല്ലേ?

**ഉപസംഹാരം**

"മുൻ നിശ്ചയിച്ച ലക്ഷ്യമോ വസ്തുവോ നേടുന്നതിനുവേണ്ടി വ്യക്തികളെയോ, സംഘങ്ങളെയോ മനപ്പൂർവ്വമായും, സുബോധത്തോടും വഴി കാട്ടുന്നതാണ്" നേതൃത്വം. ദൈവം, എല്ലായ്പ്പോഴും ചെയ്തിട്ടുള്ളതുപോലെ, ഇന്നും തന്റെ ജനത്തിനു നായകന്മാരെ നല്കുന്നുണ്ട്. സഭയിലെ പലരേയും അദ്ധ്യക്ഷന്മാരാകുവാൻ (കരുണാധിക്യ പ്രകാരം) വിളിച്ചിട്ടുണ്ട്. അവർ പൗലൊസ് ആദ്യ സഭയെ നയിച്ചതുപോലെ സഭയെ നയിക്കുമോ അല്ലെങ്കിൽ തന്റെ ജനത്തിന്റെ അദ്ധ്യക്ഷന്മാരാകുവാനുള്ള ക്ഷണത്തെ നിരസിക്കുകയാണോ?

---

കുറിപ്പുകൾ

[1]അവയുടെ നിർവ്വചനങ്ങൾക്കും മറ്റും, നോക്കുക ജെ.ജെ. റ്റർണെർ, *ലീഡർഷിപ്പ് ആന്റ് ചർച്ച് ഗ്രോത്ത്* (ഷ്റെവെപോർട്ട്, ലാ.: ലാമ്പെർട്ട് ബുക്ക് ഹൗസ്, 1976), 9–10. [2]കെന്നെത്ത് ഓ. ഗാങ്ങെൽ, *ലീഡർഷിപ്പ് ഫോർ ചർച്ച് എഡ്യൂക്കേഷൻ* (ചിക്കാഗോ: മൂഡി പ്രെസ്, 1970), 12–13. [3]കർട്ടിസ് വാഗെൻ, ഇഡി., *ദ ന്യൂ ടെസ്റ്റമെന്റ് ഫ്രം 26 ട്രാൻസ്ലേഷൻസ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണ്ടെർവാൻ, 1967).

© 2009 Truth for Today